# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4624

18/12/2014 ൽ മറുപടിക്ക്

## ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.രാജേഷ് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ഐ.ഇ.ഡി.എസ്.എസ് റിസോഴ്സ് അദ്ധ്യാപകർ എത്ര കുട്ടികളെയാണ് പഠിപ്പിക്കുന്നത്; | (എ) | എം.എച്ച്.ആർ.ഡി ഗൈഡ് ലൈൻ പ്രകാരം 8 കുട്ടികൾക്ക് ഒരു ടീച്ചർ എന്ന അനുപാതമാണുള്ളതെങ്കിലും യോഗ്യരായ അദ്ധ്യാപകരെ ലഭിക്കുന്നതിലുള്ള കുറവും, എം.എച്ച്.ആർ.ഡി പുതിയ അദ്ധാപകരെ അനുവദിക്കാത്തതിലുള്ള പ്രയാസവും മൂലം ഈ അനുപാതത്തിൽ നിയമിക്കാൻ സാധിക്കുന്നില്ല. |
| (ബി) | കേന്ദ്രത്തിൽ നിന്നും ഇതിനായി എത്ര ഫണ്ടാണ് വർഷം തോറും സംസ്ഥാനത്ത് ലഭിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | ഡി.പി.ഐയിൽനിന്നും ആർ.എം.എസ്.എ വഴി സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡി ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ എം.എച്ച്.ആർ.ഡിയുടെ പി.എ.ബി പരിശോധിച്ച് അംഗീകരിച്ചാണ് ഫണ്ട് അനുവദിക്കുന്നത്. 2014-15 വർഷത്തേക്ക് 26 കോടി രൂപയാണ് വിവിധ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്നത്. |
| (സി) | മറ്റു സംസ്ഥാനങ്ങളിലെ റിസോഴ്സ് അദ്ധാപകർക്ക് നൽകുന്ന വേതനത്തെക്കാൾ കുറവാണ് കേരളത്തിലെ അദ്ധ്യാപകർക്ക് നൽകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഏറ്റക്കുറച്ചിലുകൾ ഉള്ളതിനാൽ വ്യക്തമായ കണക്ക് ലഭ്യമല്ല. |
| (ഡി) | സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് എത്ര രൂപയാണ് വേതനം നൽകുന്നത്; വിശദമാക്കുമോ ? റിസോഴ്സ് അദ്ധ്യാപകർക്ക് വേതനം വർദ്ധിപ്പിക്കുന്നതിനും സ്ഥിര നിയമനം നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാനത്തെ റിസോഴ്സ് അദ്ധ്യാപകർക്ക് നിലവിൽ 18665/- രൂപയാണ് വേതനമായി നൽകുന്നത്. സംസ്ഥാന സർക്കാർ എം.എച്ച്.ആർ.ഡിക്ക് നൽകുന്ന പ്രൊപ്പോസൽ പ്രോജക്ട് അപ്രൈസൽ ബോർഡ് പരിശോധിച്ചാണ് തുക അനുവദിക്കുന്നത്. 2009-10 ലെ 8500/- രൂപയിൽ നിന്ന് തുടർവർഷങ്ങളിലായി 8810/-, 11620/-, 14620/-, 18665/- എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥിരം നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.